കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്

142 (1883) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ രക്ഷാപ്രവർത്തനം, കടൽ പട്രോളിംഗ് എന്നിവ കെ.എം.എഫ്.ആർ. ആക്ട് പ്രകാരം ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിന്റെ 9 തീരദേശ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നടപടി കൈക്കൊള്ളുമോ;

(സി) കടൽ സുരക്ഷ, പട്രോളിംഗ്, തീരം വഴിയുള്ള ഭീകരപ്രവർത്തന ഭീഷണി, പ്രതിരോധം എന്നിവ ശക്തമായി നടപ്പാക്കുവാൻ ഫിഷറീസ് സ്റ്റേഷൻ മേധാവികളായി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ നിയമിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്കെടുത്ത് കടൽ രക്ഷാ പ്രവർത്തനങ്ങളും കടൽ പട്രോളിംഗും നടത്തിവരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് തീരദേശ ജില്ലകളിൽ നിലവിൽ ഫിഷറീസ് സ്റ്റേഷനുകളുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ നിലവിലില്ലാത്ത ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ തീരദേശ ജില്ലകളിൽ നബാർഡിന്റെ ധനസഹായം ഉപയോഗിച്ചുള്ള RIDF 19 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫിഷറീസ് സ്റ്റേഷൻ മേധാവികളായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരാണ് നിലവിലുള്ളത്.

വനാമി ചെമ്മീൻ, കാര ചെമ്മീൻ എന്നിവയ്ക്ക് ഇ.എച്ച്.പി. അസുഖം

143 (1884) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചില പ്രദേശങ്ങളിൽ വനാമി ചെമ്മീൻ, കാര ചെമ്മീൻ എന്നിവയ്ക്ക് ഇ.എച്ച്.പി അസുഖം പിടിപെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇത് പ്രതിരോധിക്കുന്നതിന്എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ നാരായണമംഗലം, പുല്ലൂറ്റ് തുടങ്ങിയ ഭാഗത്തുനിന്ന് ഇ.എച്ച്.പി. അസുഖം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് കൊഫോസ് (കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ്)-ലെ മത്സ്യരോഗ വിഭാഗം പ്രതിനിധികളുടെ സഹായത്തോടെ ഫാമുകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് കുസാറ്റ് (Kochin University of Science and Technology), CIBA (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ), CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്തു. രോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് മുൻകരുതലുകൾ, രോഗപ്രതിരോധ നടപടികൾ, ബോധവൽക്കരണ പരിപാടികൾ, മത്സ്യകർഷക സംഗമം തുടങ്ങിയവ നടപ്പിലാക്കുന്നതും പുതുതായി നിക്ഷേപിക്കുന്ന ചെമ്മീൻ വിത്തുകളിൽ ഇ.എച്ച്.പി. രോഗാണു ഇല്ലെന്ന് ഉറപ്പാക്കാൻ ആവശ്യമായ പരിശോധനകൾ നടത്തുന്നതും പരിഗണിച്ചുവരുന്നു.

തീരദേശ റോഡുകൾ

144 (1885) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ നിർമ്മിക്കുവാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly